പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5546 — 04.07.2013 -ൽ മറുപടിക്ക്.

## ലേബർ ക്യാമ്പുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. എ. വാഹിദ് :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ജോസഫ് വാഴക്കൻ : | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് ബി. ഒ. റ്റി. അടിസ്ഥാനത്തിൽ ലേബർ ക്യാമ്പുകൾ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(ബി) ഈ പദ്ധതിയിൽ ആരെയെല്ലാമാണ് സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) എന്തെല്ലാം സൗകര്യങ്ങളാണ് ലേബർ ക്യാമ്പുകൾ വഴി നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (എ)<br>(ബി)<br>&<br>(സി) | സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ തൊഴിൽ സ്ഥലങ്ങൾക്ക് സമീപം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ചെലവ് കുറഞ്ഞതും ഗുണനിലവാരമുള്ളതുമായ താമസ സൗകര്യങ്ങൾ (അഭയകേന്ദ്രങ്ങൾ) നിർമ്മിക്കാനാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി വിശദമായ പദ്ധതിയും നടപടിക്രമങ്ങളും തയ്യാറാക്കി കൊണ്ടിരിക്കുന്നു. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനെ സ്ഥലം കണ്ടെത്തുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.